വർഷമായി പൂട്ടിക്കിടക്കുന്ന ഫാക്ടറികളും ഏറ്റെടുക്കാൻ എന്തെങ്കിലും സ്കീം, ആരെങ്കിലും സമർപ്പിച്ചാൽ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ചെയ്യാവുന്ന സഹായങ്ങൾ—മുതൽമുടക്ക്—ചെയ്യാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ് : ചെയ്യാവുന്ന സഹായം ചെയ്യുന്നതിന് വിരോധമില്ല. ചെയ്യാൻ ആവാത്ത സഹായത്തിന്റെ കാര്യം പറഞ്ഞാൽ ചെയ്യാൻ സാധിക്കുകയില്ല. അതുകൊണ്ട് തന്നെയാണ് റൂബിയെപ്പോലെയുള്ള സ്ഥാപനങ്ങളും ഏതെങ്കിലും നിലയിൽ പുനരുദ്ധരിക്കാൻ ചർച്ചകളും നടത്തുന്നത്.

ശ്രീ. വി. ജെ. തങ്കപ്പൻ : നമ്മുടെ സംസ്ഥാനത്തെ സഹകാര്യമേഖലയിലെ വ്യവസായങ്ങളും ഗ്രേസാൽക്കരിക്കുന്നത് ഒരു നയമായി ഗവൺമെൻറ് അംഗീകരിക്കുന്നുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : അത് ഒരു നയമായി അംഗീകരിക്കുന്നില്ല. ഇതുതന്നെ മിക്സഡ് എക്കണമിയാണ്. സഹകാര്യമേഖലയിൽ വ്യവസായസ്ഥാപനങ്ങളും നടത്താൻ പരിപൂർണ്ണമായ അധികാരമുണ്ട്. അതുകൊണ്ട് സഹകാര്യമേഖലയിലെ സ്ഥാപനം ഗ്രേസാൽക്കരിക്കുക ഗവൺമെൻറിന്റെ നയമല്ല.

ശ്രീ. നെടുമ്പിൽ രവി : പഴക്കം ചെന്ന പൊതുമേഖലാ സ്ഥാപനമായ കുണ്ടറയിലെ കേരള സിറാമിക്സ് കഴിഞ്ഞ ജൂൺമാസം മുതൽ വലിയ സാമ്പത്തിക കുഴപ്പം മൂലം അടച്ചുപൂട്ടിക്കിടക്കുകയാണ് എന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? അതിനു വേണ്ട സഹായം നൽകി അത് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ചോദ്യം, ഗ്രേസാൽക്കരിക്കുന്നതും ഗവൺമെൻറ് ഏറ്റെടുക്കുന്നതുമായ വ്യവസായങ്ങളെ സംബന്ധിച്ചാണ്. അദ്ദേഹം ചോദിച്ചത് ഗവൺമെൻറുടമയിലുള്ള വ്യവസായത്തിനെ സംബന്ധിച്ചാണ്. അതിന് പ്രത്യേകചോദ്യം ചോദിക്കണം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ : ബോംബെ ഹൈക്കോടതിയിൽ നിലനിൽക്കുന്ന ഒരു കേസിന്റെ അടിസ്ഥാനത്തിൽ പുനലൂർ പേപ്പർമിൽ അതിന്റെ പ്രധാനപ്പെട്ട ഉപകരണങ്ങളും വിൽക്കാനും ആ ഫാക്ടറിതന്നെ തമിഴ്നാട്ടിലേക്ക് മാറ്റാനുമുള്ള തന്ത്രപൂർവ്വമായ ചില നീക്കങ്ങളും നടത്തുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആ കേസിൽ ഗവൺമെൻറ് കക്ഷിചേരാനും ആ സ്ഥാപനം ഏറ്റെടുക്കാനും തയ്യാറാകുമോ ?

ശ്രീ. ഇ. അഹമ്മദ് : കേസിൽ ഗവൺമെൻറ് കക്ഷിചേരണമോ എന്ന് കേസിന്റെ സംഗതി അറിയാതെ പറയാൻ സാധിക്കുകയില്ല. ഞാൻ മനസ്സിലാക്കിയത് പുനലൂർ പേപ്പർമിൽ രണ്ടാമതും തുറന്ന് പ്രവർത്തിച്ചുതുടങ്ങി എന്നാണ്.

കൈത്തറി മേഖലയിലെ പ്രശ്നങ്ങൾ

* 153. [156] ശ്രീ. വി. സുരേന്ദ്രൻപിള്ള :
,, ടി. എസ് ജോൺ :
,, പി. സി. ജോർജ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എഫ്. തോമസ് :

,, എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈത്തറി മേഖലയിൽ എന്തെങ്കിലും ക്രമക്കേടുകൾ നടക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൈത്തറി സംഘങ്ങൾക്ക് നബാർഡിൽനിന്നും ലഭിക്കുന്ന വായ്പയ്ക്ക് എത്ര ശതമാനമാണ് പലിശ ;

(സി) ഓരോ കൈത്തറി സഹകരണ സംഘത്തിന്റേയും വായ്പാ പരിധി നിശ്ചയിച്ചിരിക്കുന്നത് എന്തടിസ്ഥാനത്തിൽ ആണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഉൽപാദനം നടത്തിയതായി രേഖപ്പെടുത്തിച്ച് ബാങ്കിൽനിന്നും പണം പിൻവലിച്ച് ഏതെങ്കിലും കൈത്തറി സഹകരണ സംഘം സ്വകാര്യ പണമിടപാട് കമ്പനികളിൽ നിക്ഷേപിച്ചിട്ടുള്ളതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) നബാർഡിന്റെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും സഹായം ഫലപ്രയോഗപ്പെടുത്തി കൈത്തറി മേഖലയിൽ നടത്തുന്ന അഴിമതിയെക്കുറിച്ചു വ്യവസായവകുപ്പ് അന്വേഷണം നടത്തുമോ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ അഹമ്മദ്) :

(എ) ഉണ്ട്

(ബി) ഏഴര ശതമാനം

(സി) പുതുതായി രജിസ്റ്റർ ചെയ്യപ്പെട്ടവയോ പ്രവർത്തനരഹിതമായി കിടന്നിട്ട് പുനരുജ്ജീവിക്കപ്പെട്ടവയോ ആയ പ്രാഥമിക സംഘങ്ങൾക്ക് ആദ്യത്തെ രണ്ടുവർഷത്തേക്ക് അംഗങ്ങളുടെ തറികൾക്ക് പരുത്തിവസ്ത്രം നെയ്യുന്ന ഒരു തറിക്ക് മൂവായിരം രൂപയും സിൽക്ക് നെയ്യുന്ന തറി ഒന്നിന് ആറായിരം രൂപയും പോളിസ്വർ നെയ്യുന്ന തറി ഒന്നിന് പതിനായിരംരൂപയും വീതം വായ്പ ഓരോ കൊല്ലവും ലഭിക്കുവാൻ അർഹതയുണ്ട്. രണ്ടുവർഷം തുടർച്ചയായി പ്രവർത്തിച്ച് സംഘങ്ങൾക്ക്, തൊട്ടുമുൻപുള്ള വർഷത്തെ ഉല്പാദനത്തിന്റെ നാല്പത്തിയെട്ട് ശതമാനത്തിൽ കൂടാത്തതും സംഘത്തിന്റെ നെറ്റ് ഡിസ്പോസബിൾ റിസോഴ്സസിന്റെ പത്തിരട്ടിയിൽ കവിയാത്തതുമായ തുകയ്ക്ക് അർഹതയുണ്ട്. അപ്പെക്സ് സംഘത്തിന് മുൻകൊല്ലത്തെ വില്പനയുടേയും തന്നാണ്ട് ആരംഭത്തിലുള്ള കരുതൽസ്റ്റോക്കിന്റെയും അടിസ്ഥാനത്തിലാണ് തുക നിശ്ചയിക്കുന്നത്.

(ഡി) ഇല്ല

(ഇ) അത്തരം കേസുകൾ വ്യവസായവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അപ്പപ്പോൾ അന്വേഷിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. വി. സുരേന്ദ്രൻപിള്ള : കൈത്തറി സഹകരണ സംഘങ്ങളിലെ വ്യാപകമായ വെട്ടിപ്പിനെപ്പറ്റി അടുത്തകാലത്ത് പത്രങ്ങളിലൊക്കെ വളരെയധികം വാർത്താപ്രാധാന്യമുള്ള സംഭവമായി കാണുകയുണ്ടായി. ഞാൻ ഒരു സംഘത്തിന്റെ മാത്രം കാര്യമല്ല പറയുന്നത്. പല കൈത്തറി സഹകരണ സംഘങ്ങളിലും അങ്ങനെ നടന്നിട്ടുണ്ട്. അത്തരം വെട്ടിപ്പുകൾ തടയാൻ എന്തെങ്കിലും സത്വരനടപടികൾ ഗവൺമെൻറ് സ്വീകരിക്കുമോ ? വെട്ടിപ്പിന് ഉപയോഗിച്ച മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ചോദ്യോത്തര സമയത്ത് ഞാൻ പറഞ്ഞതാണ്. ഈ രംഗത്ത് വെട്ടിപ്പ് നടത്തിയ സംഘങ്ങളെ സംബന്ധിച്ച് അന്വേഷണത്തിന് നടപടിയെടുത്തിവരികയാണ്. പ്രഥമദൃഷ്ട്യാ കേസുണ്ടെന്ന് കണ്ട ആളുകളുടെ പേരിൽ നടപടികളും എടുത്തിട്ടുണ്ട്. അവരുടെ മാർഗ്ഗങ്ങളും പലതാണ്. ഇല്ലാത്ത തറി ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്, ഒരു തറിയിൽ ഉല്പാദിപ്പിക്കപ്പെടുന്നതിന്റെ എത്രയോ ഇരട്ടി ഉല്പാദിപ്പിച്ചതായി രേഖയിലുണ്ട്, വാങ്ങാത്ത നൂലുകൾ വാങ്ങിയതായി കാണിച്ച് വില്പന നടത്തിയിട്ടുണ്ട്. ഇങ്ങനെ വിവിധങ്ങളായ ക്രമരഹിതങ്ങളായ പ്രവർത്തനങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. ഇതിനെ സംബന്ധിച്ച് ഈ ഗവൺമെന്റിന് കഴിയുന്നത് ഈ ഗവൺമെന്റും ഞാൻ മനസ്സിലാക്കിയിടത്തോളം ആദ്യയനികുതി വകുപ്പ് അവരുടെ പരിധിയിൽപ്പെട്ട നടപടികളും എടുത്തുവരികയാണ്.

ശ്രീ. വി. സുരേന്ദ്രൻപിള്ള : യാൺഡീലേസിന്റെ പേരിൽ എന്തെങ്കിലും നടപടികൾ ഗവൺമെന്റ് പ്രത്യേകമായി എടുത്തിട്ടുണ്ടോ ?

ശ്രീ. ഇ. അഹമ്മദ് : ആദ്യയനികുതി ഉദ്യോഗസ്ഥന്മാർ പരിശോധിച്ചപ്പോൾ രണ്ടുവർഷത്തിനിടയിൽ ഒരു യാൺഡീലറായ ലിബ്രാ യാൺഡിപ്പോ 299.5 ലക്ഷം രൂപയ്ക്കുള്ള വ്യാജബില്ലും പയനിയർ യാൺഡിപ്പോ 1985-86-ൽ 24 ലക്ഷം രൂപയ്ക്കുള്ള വ്യാജബില്ലും, വസന്ത യാൺഡിപ്പോ 1985-86-ൽ നാലരലക്ഷം രൂപയ്ക്കുള്ള വ്യാജബില്ലും നൽകിയതായി കണ്ടെത്തിയതായി ഗവൺമെന്റിന് റിപ്പോർട്ട് കിട്ടി. ഇത് സംബന്ധിച്ച് ആദ്യയനികുതി ഉദ്യോഗസ്ഥന്മാർതന്നെ നടപടികൾ എടുക്കുന്നതാണ്. ഈ മൂന്ന് യാൺഡീലേഴ്സിൽ നിന്നും നൂൽ വാങ്ങുന്നതാണ് സഹകരണസംഘങ്ങൾക്ക് ഗവൺമെന്റ് കൊടുത്തിട്ടുള്ള നിർദ്ദേശം.

ശ്രീ. ടി. എസ്. ജോൺ : ക്രമക്കേടുകൾ ധാരാളം നടന്നുവെന്നുപറഞ്ഞത് പൂർണ്ണമായി എനിക്ക് തോന്നുന്നില്ല. ഏതെല്ലാം രീതിയിലുള്ള ക്രമക്കേടുകളാണ് നടന്നത് ? അന്വേഷണത്തിൽ എത്ര ക്രമക്കേടുകൾ കണ്ടുപിടിച്ചിട്ടുണ്ട് ? ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ? എത്ര ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ?

ശ്രീ. ഇ. അഹമ്മദ് : മൊത്തമായിട്ട് ഒന്ന് പറയാം. റിബേറ്റ് വെട്ടിപ്പ് നടത്തണമെങ്കിൽ, നടത്താത്ത ഉൽപ്പാദനം നടത്തി എന്ന് രേഖയുണ്ടാക്കണം. ഇപ്രകാരം രേഖയുണ്ടാക്കണമെങ്കിൽ നൂൽ വാങ്ങാതെ വാങ്ങിയതായി രേഖയുണ്ടാക്കണം. ഇതിന് നൂൽ വ്യാപാരികളുടെ ഒത്താശ ആവശ്യമാണ്. ഇങ്ങനെ കൃത്രിമം കാണിച്ച നെയ്യാറ്റിൻകര താലൂക്കിലെ 12 ഹാൻഡ്ലൂം സർക്കിളിലേയും തിരുവനന്തപുരം താലൂക്കിലെ വിഴിഞ്ഞം സർക്കിളിലേയും 120 തരം നെയ്ത്ത് സഹകരണസംഘങ്ങൾ ഉൾപ്പെടുമെന്നാണ് പ്രഥമദൃഷ്ട്യാ കണ്ടെത്തിയത്. ഇതിനെതിരായി നടപടികൾ സ്വീകരിച്ചത് മേൽപ്പറഞ്ഞ ബില്ലില്ലാതെ നൂലുകൊടുത്ത മൂന്നുവ്യാപാരികളുടെ പക്കൽനിന്നും നൂൽ വാങ്ങുന്നത് നിരോധിച്ചിട്ടുണ്ട്. പിന്നെയുള്ള നടപടികൾ, കൊടുക്കാനുള്ള റിബേറ്റ് തുക കൊടുക്കാതിരിക്കുക, കൊടുത്ത റിബേറ്റ് തെറ്റ് കണ്ടെത്തിയത് തിരിച്ചു പിടിക്കുക, ഇതുമൂലം സൊസൈറ്റികൾക്ക് ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഭാരവാഹികളിൽനിന്നും ഈടാക്കുക, ഇനിയുള്ള അടുത്ത വർഷത്തെ ക്യാഷ്ബെൽറ്റിന്റെ പരിധി ഇപ്പോൾ കണ്ടുപിടിച്ചിരിക്കുന്ന അപാകതകൾ പരിഗണിച്ച് മാത്രം തീരുമാനിക്കുക, ഈ വകകാര്യങ്ങൾക്ക് കാരണക്കാരായ ഉദ്യോഗസ്ഥന്മാരുടെ പേരിൽ ഉചിതമായ നടപടികൾ എടുക്കുക, ഇതിൽ ബന്ധപ്പെട്ട സൊസൈറ്റികളുടെ ഉത്തരവാദിത്വപ്പെട്ടവർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ആവുന്നതും ക്രിമിനൽ നടപടികൾ അടക്കം നടപടി നടത്തുക. 330 ലക്ഷം രൂപയുടെ വ്യാജബില്ലുകൾ നൂൽ വ്യാപാരികളിൽനിന്നും വാങ്ങിയതിൽ ഒരു വിഭാഗം മെംബർമാർ ഫാം സ് പ്രൊക്യുർമെന്റു നടത്തിയതായി കാണിക്കാനും ബാക്കിഭാഗം തമിഴ്നാട്ടിൽനിന്നും വാങ്ങിച്ച തുണി ഇവിടെ ഉൽപ്പാദിപ്പിച്ചതായി കാണിച്ച് റിബേറ്റ് വാങ്ങാനും ശ്രമിച്ചതായിട്ടാണ് അനുമാനിക്കുന്നത്. ഇതനുസരിച്ചുള്ള നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. ടി. എസ്. ജോൺ : ഞാൻ ചോദിച്ചതിൽ ഒരു ഭാഗത്തിനുമാത്രമേ മറുപടി കിട്ടിയുള്ളൂ. 120 സഹകരണ സംഘങ്ങൾ ക്രമക്കേടുകൾ കാണിച്ചിട്ടുണ്ടെന്ന് പറഞ്ഞു. എത്ര സംഘങ്ങൾക്കെതിരെ നടപടി എടുത്തു എന്നു പറഞ്ഞില്ല. തറികൾ പെരുപ്പിച്ചു കാണിച്ച് കാശ് അടിക്കാൻ ശ്രമിച്ച എത്ര കേസുകൾ ഉണ്ടായിട്ടുണ്ട്, അതിൽ എത്രയെണ്ണത്തിനെതിരെ ആക്ഷൻ എടുത്തിട്ടുണ്ട് ?

ശ്രീ. ഇ. അഹമ്മദ് : ചില സൊസൈറ്റികൾ ഒന്നു മാത്രം, ചിലത് ഒന്നിലധികം ക്രമക്കേടുകൾ ഇങ്ങനെ ഓരോ സൊസൈറ്റിയും ഓരോ രീതിയിലാണ് ക്രമക്കേടുകൾ കാണിച്ചിരിക്കുന്നത്. 120 സൊസൈറ്റികളും മിന്നൽ പരിശോധനയിൽ കണ്ടുപിടിച്ച 21 സൊസൈറ്റികളും ഉൾപ്പെടെ 140-ലധികം സൊസൈറ്റികൾ ഇതിൽ ഉൾപ്പെടും. അതിൽ ചില സൊസൈറ്റികൾ റിബേറ്റ് വെട്ടിച്ച് ചിലത് തറികൾ പെരുപ്പിച്ചുകാണിച്ചു മറ്റ് ചിലത് വ്യാജബിൽകൊടുത്തു ഇങ്ങനെ വിവിധങ്ങളായിട്ടുള്ള ക്രമക്കേടുകളാണ് കാണിച്ചിട്ടുള്ളത്. അവ ഓരോന്നിനെസംബന്ധിച്ചുമാണ് നടപടികൾ എടുത്തിട്ടുള്ളത്.

ശ്രീ. സി. എഫ്. തോമസ് : സംസ്ഥാനത്തെ കൈത്തറി സംഘങ്ങൾക്ക് എന്തു തുക നബാർഡിൽനിന്നും വായ്പയായി കിട്ടിയെന്നും ആകെ എത്ര തുക വായ്പയായി വിതരണം നടത്തിയെന്നും പറയാമോ ?

ശ്രീ. ഇ. അഹമ്മദ് : എല്ലാ സൊസൈറ്റികൾക്കും നബാർഡ് വായ്പ കൊടുക്കുന്നുണ്ട്. ആവശ്യപ്പെടുന്ന സൊസൈറ്റികൾക്ക് എല്ലാം കൊടുക്കുന്നുണ്ട്. എത്ര തുകയെന്നുള്ളത് മൊത്തമായിട്ട് പെട്ടെന്ന് പറയാൻ സാദ്ധ്യമല്ല.

ശ്രീ. സി. എഫ്. തോമസ് : ക്രമക്കേടുകൾ മൂലം യഥാർത്ഥത്തിൽ ഉൽപ്പാദനം നടക്കേണ്ട മേഖലകളിൽ ഉൽപ്പാദനം നടക്കാതിരിക്കുകയും കൈത്തറി തൊഴിലാളികൾക്ക് ജോലിയുണ്ടാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യം കണക്കിലെടുത്ത് ഗൗരവമായിട്ടുള്ള നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : നടപടികൾ എടുത്തുവരുന്നുണ്ട്. ആ നടപടികൾ ഫലപ്രദമാകണമെങ്കിൽ അന്വേഷണം ഫലപ്രദമാവുകയും അതിന് ഉത്തരവാദപ്പെട്ടവരെ കണ്ടുപിടിക്കുകയും വേണം. അതിനുള്ള നടപടികളാണ് ഗവൺമെന്റ് എടുക്കുന്നത്.

ശ്രീ. ഒ. ഭരതൻ : കൈത്തറി മേഖലകളിലെ ക്രമക്കേടുകളെ സംബന്ധിച്ചാണ് ചോദ്യം. കൈത്തറി വികസനകോർപ്പറേഷൻ കൈത്തറിത്തുണിത്തരങ്ങൾ ശേഖരിച്ച് വിൽപ്പന നടത്തുന്നതിന് പകരം ചില ഉദ്യോഗസ്ഥൻമാർ പവർലൂമിൽ (ഫാക്ടറികളിൽ) ഉൽപ്പാദിപ്പിച്ച തുണിത്തരങ്ങൾ വാങ്ങി ഏതെങ്കിലും സ്വകാര്യ വ്യക്തികൾക്ക് കയറ്റി അയയ്ക്കാനുള്ള അനുവാദം കൊടുത്തിട്ടുണ്ടോ, ഉണ്ടെങ്കിൽ ആ ഉദ്യോഗസ്ഥൻമാർക്കും കയറ്റി അയച്ച വ്യക്തിക്കും എതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ് : ഇങ്ങനെയുള്ള ഒരു ആക്ഷേപം കണ്ടതിനെത്തുടർന്ന് കൈത്തറി വികസന കോർപ്പറേഷന്റെ ബോർഡ്തന്നെ ആവശ്യമായ നടപടി എടുത്തിട്ടുണ്ട്. അവരുടെ നടപടികളിൽ എന്തെങ്കിലും പോരായ്മകൾ കാണുകയാണെങ്കിൽ ഗവൺമെന്റ് തക്കതായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. പി. വിജയദാസ് : വ്യവസായ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുടെ ശുപാർശ അനുസരിച്ച് നബാർഡിൽനിന്നും സംഘങ്ങൾക്ക് വായ്പ ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വായ്പയിൽ കോടിക്കണക്കിന് രൂപ ഈ വർഷം നഷ്ടമാകുന്ന സ്ഥിതിവിശേഷം ഉണ്ടാകുന്നതു മൂലം കേരളത്തിലെ സഹകരണ സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. അഹമ്മദ് : ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുന്ന വിഷമതകൾ അപ്പപ്പോൾ പരിഹരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരാറുണ്ട്.

പ്രാഥമിക സംഘങ്ങൾക്ക് തൊണ്ടു ലഭിക്കുന്നില്ലെന്ന പരാതി

* 154. [157] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, എം. കെ. കേശവൻ :
,, കാനം രാജേന്ദ്രൻ :
,, എസ്. ഗോവിന്ദക്കുറുപ്പ് :
ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പച്ചത്തൊണ്ട് നിയന്ത്രണ ചട്ടം പിൻവലിക്കുകയും തൊണ്ടിന് ലെവി സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്തതുമൂലം പ്രാഥമിക സംഘങ്ങൾക്ക് ന്യായവിലയ്ക്ക് തൊണ്ടു ലഭിക്കുന്നില്ലെന്ന പരാതി ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു ;

(സി) ലെവി സമ്പ്രദായം ഏർപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ, ബി) ലെവി സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം പ്രാഥമിക സംഘങ്ങൾക്ക് തൊണ്ടു ലഭിക്കുന്നില്ല എന്ന പരാതി ചില സംഘങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ട്. പുതിയതായി നിലവിൽവന്ന നിയമമായതിനാൽ തൊണ്ട് അഴുക്കുന്നവരെ മുഴുവൻ നിയമത്തിന്റെ പരിധിയിൽകൊണ്ടുവരുവാനും അവരിൽനിന്നും സ്റ്റോക്ക് സ്റ്റേറ്റ്മെന്റുവാങ്ങി ലെവി തിട്ടപ്പെടുത്തി നോട്ടീസ് കൊടുത്തു ലെവി ആവശ്യപ്പെടാനും കുറച്ചുസമയം വേണ്ടിവരും. മാത്രവുമല്ല ഇപ്പോൾ നിലവിലുള്ള സ്റ്റോക്കിന്റെ അടിസ്ഥാനത്തിൽ ലെവി എടുത്തശേഷം മൂന്നുമാസത്തിലൊരിക്കലായി ലെവിയെടുപ്പു നടത്തേണ്ടിവരും. ഇതിനുപുറമേ ലെവിസമ്പ്രദായത്തിന് എതിരായും 1-9-1986-ൽ സ്റ്റോക്കുണ്ടായിരുന്ന അഴുക്കൽത്തൊണ്ടിന്റെ 30 ശതമാനം ലെവിയായി എടുക്കുന്നതിന് എതിരായും ചിറയിൻകീഴ് പ്രോജക്ട് ഏരിയായിലുള്ള ഒരു അസോസിയേഷനും ചില വ്യക്തികളും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേസ് വിധിയാകുന്നതുവരെ 1-9-1986-ൽ നിലവിലുള്ള സ്റ്റോക്കിന്റെ 15 ശതമാനം ലെവിയായി

LIBRARY ARCHIVES Kerala Legislative Assembly